**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1830** **01.11.2019 ൽമറുപടിയ്ക്ക്**

## കെ.എം.ബഷീർ മരിക്കാൻ ഇടയായ സാഹചര്യം

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് മ്യൂസിയം ജംഗ്ഷനിൽ നടന്ന വാഹനാപകടത്തിൽ പത്രപ്രവർത്തകനായ കെ.എം.ബഷീർ മരിക്കാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അപകടമുണ്ടാക്കിയത് ആരാണെന്നും, എങ്ങനെയാണ് അപകടം സംഭവിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രീ. ശ്രീറാം വി., 28/1031, കൃഷ്ണാലയം, എസ്.എ.റോഡ്, രാമസ്വാമി കോളനി, പനമ്പിള്ളി നഗർ, കൊച്ചി - 36 എന്നയാൾ കെ.എൽ-01-ബിഎം-360-ാം നമ്പർ ഫോക്സ് വാഗൺ വെന്റോ കാർ വെള്ളയമ്പലത്തുനിന്നും എൽ.എം.എസ് ഭാഗത്തേക്ക് ഉദാസീനമായും അശ്രദ്ധയോടും അപകടകരമായും ഓടിച്ചാണ് അപകടമുണ്ടായതെന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (സി) | ഗതാഗത വകുപ്പിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, അശ്രദ്ധയും അമിത വേഗവും മൂലം ഉണ്ടായ അപകടത്തിന് കാരണക്കാരായവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) & (ഡി) | അപകടത്തിന് കാരണക്കാരായവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നത് പോലീസ് വകുപ്പാണ്. എന്നാൽ മോട്ടോർ വാഹന വകുപ്പ് അപകടമുണ്ടാക്കിയ ശ്രീ. ശ്രീറാം വി എന്നയാളുടെ 43/5336/2005 നമ്പർ ഡ്രൈവിംഗ് ലൈസൻസ് 19/08/2019 മുതൽ 18/08/2020 വരെ 1 വർഷത്തേക്കും വാഹന ഉടമയായ ശ്രീമതി. വഫാ ഫിറോസിന്റെ 16/4292/2007 നമ്പർ ലൈസൻസ് 20/08/2019 മുതൽ 19/11/2019 വരെ 3 മാസത്തേയ്ക്കും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അപകടം സംബന്ധിച്ച മറ്റു റിപ്പോർട്ടുകളൊന്നും ഗതാഗത വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാ ക്കാമോ; | | |
| (ഇ) | അമിതവേഗം, അശ്രദ്ധ, മദ്യപിച്ച വാഹന മോടിക്കൽ തുടങ്ങിയ ഗുരുതരമായ വീഴ്ച വരുത്തുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത്; അപകടത്തിൽ അമിത വേഗം, അശ്രദ്ധ, മദ്യപിച്ച വാഹനമോടിക്കൽ എന്നീ കുറ്റങ്ങൾ ഉണ്ടെങ്കിൽ പുതിയ മോട്ടോർ വാഹന നിയമപ്രകാരം പരമാവധി ലഭിക്കുന്ന | (ഇ) | മോട്ടോർ വാഹന വകുപ്പ് ഇത്തരം ഗുരുതരവീഴ്ച വരുത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസുകൾ കുറ്റങ്ങളുടെ ഗൗരവമനുസരിച്ച് സസ്പെന്റ് ചെയ്യുന്നുണ്ട്. ഇത്തരം കുറ്റങ്ങൾക്ക് മോട്ടോർ വാഹന നിയമ പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി കോടതി നടപടികൾക്ക് വിധേയമാക്കുകയോ രാജിയാക്കാവുന്ന കുറ്റങ്ങൾക്ക് അതിന് അനുമതി |

| | | | |
|---|---|---|---|
| | ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ; ഇത്തരം കേസുകളിൽ പരമാവധി ശിക്ഷ ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടി കൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | നൽകുകയോ ചെയ്യുന്നുണ്ട്. അമിതവേഗത്തിന് ലൈറ്റ് മോട്ടോർ വെഹിക്കിളിന് 2000 രൂപയും മീഡിയം/ഹെവി മോട്ടോർ വെഹിക്കിളിന് 4000 രൂപയുമാണ് പരമാവധി ശിക്ഷ. മദ്യപിച്ച് വാഹനം ഓടിച്ചാൽ ആദ്യതവണ 6 മാസം തടവും 10000 രൂപ പിഴയും കുറ്റം ആവർത്തിച്ചാൽ 2 വർഷം തടവും 15000 രൂപ പിഴയുമാണ് പരമാവധി ശിക്ഷ. അശ്രദ്ധമായ ഡ്രൈവിംഗിന് ഐപിസി പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ